# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1070** — **30.11.2018-ൽ മറുപടിക്ക്**

## നോൺ ബാങ്കിംഗ് ഫിനാൻസ് സ്ഥാപനങ്ങളിൽ മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) നോൺ ബാങ്കിംഗ് ഫിനാൻസ് സ്ഥാപനങ്ങളിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത മേഖലയിലെ മിനിമം വേതനം എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ;<br><br>(ബി) ഇത് സംബന്ധിച്ച് മിനിമം വേജസ് കമ്മിറ്റി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; മിനിമം വേതനം നൽകാതെ ജീവനക്കാരെ ദ്രോഹിക്കുന്ന സ്ഥാപന ഉടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) യും (ബി) യും നോൺ ബാങ്കിംഗ് ബിസിനസ്/പ്രൈവറ്റ് ബാങ്ക്/ഫിനാൻഷ്യൽ സർവീസ് എന്നീ വിഭാഗങ്ങളിലായി ഏകദേശം 54587 പേർ ജോലി ചെയ്യുന്നു. ടി മേഖലയിൽ മിനിമം വേതനം നിശ്ചയിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള W.P.(C) നം.26803/17 കേസിൽ മേൽ വിജ്ഞാപനം സ്റ്റേ ചെയ്തതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത കേസിൽ സർക്കാർ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. നോൺ ബാങ്കിംഗ് ഫിനാൻസ് മേഖലയിൽ മിനിമം വേതനം നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് മിനിമം വേതനം നൽകാതെ ജീവനക്കാരെ ദ്രോഹിക്കുന്ന സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. |
| (സി) പ്രസ്തുത മേഖലയിൽ നിലനിൽക്കുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കുവാൻ തൊഴിൽ വകുപ്പ് പ്രത്യേകമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) 1947 -ലെ തൊഴിൽ തർക്ക നിയമപ്രകാരം തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള അനുരഞ്ജന സംവിധാനം ഉപയോഗപ്പെടുത്തി ടി മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.